

# കടലാമകളുടെ സ്നേഹിതൻ

• കുഞ്ഞുമോൾ ബെന്നി

പ്രൊഫസർ റെയ്ഗാൻ ഒരു കവിത മൂളിക്കൊണ്ട് തന്റെ ഗവേഷണ വിദ്യാർത്ഥികൾക്ക് കടപ്പുറത്ത് ക്ലാസെടുക്കുന്നത് ജാക്ക് നോക്കിയിരുന്നു. റെയ്ഗാൻ സാർ അങ്ങനെയാണ്. തന്റെ വിദ്യാർത്ഥികളെയും കൊണ്ട് അദ്ദേഹം എന്നും പുറത്തേക്ക് പോകും. വംശനാശം നേരിടുന്ന കടലാമകളെക്കുറിച്ച് പഠിക്കാനെത്തിയ അവരെ കൊണ്ടുനടന്ന് എല്ലാം കാണിച്ച് മനസ്സിലാക്കിക്കൊടുക്കും.

ചൂടുകപ്പലണ്ടി കൊണ്ടുനടന്ന് വിൽപ്പന നടത്തുന്ന ജാക്ക് കച്ചവടം നടത്തുന്നതിനിടയിൽ തന്നെ അവരുടെ പിന്നാലെ നടന്ന് ഇതെല്ലാം ശ്രദ്ധിക്കും. അവന് റെയ്ഗാൻ സർ പറയുന്നത് കേൾക്കാൻ വളരെ ഇഷ്ടമാണ്.

കടപ്പുറത്തെ വിദേശികളുടെ ഇടയിൽ ഗിത്താർവായിച്ച് പാടിനടന്നിരുന്ന ഗായലിന്റെ മകനാണ് ജാക്ക്. കഴിഞ്ഞ സീസണിൽ വന്ന ഒരു പനി ഗായലിന്റെ ചലനശേഷി എടുത്തുകളഞ്ഞു. അമ്മ മാജിയെയും കുഞ്ഞനുജത്തി റോസിനെയും, സുഖമില്ലാതെ കിടക്കുന്ന ഗായലിനെയും നോക്കേണ്ട ചുമതല അതോടെ പന്ത്രണ്ട് വയസ്സുകാരനായ ജാക്കിന്റേതായി. അവന്റെ പഠനം നിലച്ചു. മാജിയമ്മ ഉപ്പുചേർത്ത് വറുത്തെടുക്കുന്ന നിലക്കടല വിദേശികളുടെ ഇടയിൽ കൊണ്ടുനടന്ന് വിറ്റിട്ടാണ് ആ കൊച്ചുകൂട്ടുകാരൻ വീടുനോക്കുന്നത്. മകന്റെ പഠനം നിലച്ചതിൽ സങ്കടപ്പെടുന്ന അപ്പനെ സന്തോഷിപ്പിക്കാനായി അപ്പന്റെ ഗിത്താറെടുത്ത് കൊച്ചുജാക്ക് അപ്പനരികിൽ വന്നിരുന്ന് ഒന്നുരണ്ടു പാട്ടുകൾ പാടും. എല്ലാവരും ചേർന്ന് ചിരിക്കും.

അങ്ങനെ ആ കുടുംബം കഴിഞ്ഞുവരവെ ഒരു ദിവസം ജാക്ക് കടൽത്തീ

▸▸ ക്രിസ്തുമതത്തെ അംഗീകരിച്ച ആദ്യ റോമൻ ചക്രവർത്തി– കോൺസ്റ്റന്റയിൻ

രത്തെത്തി. അന്ന് പ്രൊഫസർ ക്ലാസെടുത്തത് ഒലീവ റിഡ്‌ലി എന്ന വിഭാഗത്തിൽപ്പെട്ട കടലാമകളെക്കുറിച്ചാണ്. തീരത്തെ പാറക്കെട്ടുകളിലിരുന്ന് വിദ്യാർത്ഥികൾ അദ്ദേഹത്തിന്റെ വാക്കുകൾ കൗതുകപൂർവ്വം കേട്ടുകൊണ്ടിരുന്നു. "കുട്ടികളേ, നിങ്ങൾ അരിബാഡ എന്നുകേട്ടിട്ടുണ്ടോ..? ആയിരക്കണക്കിന് ആമകൾ കൂട്ടത്തോടെ മുട്ടയിടാനെത്തുന്ന അത്ഭുത പ്രതിഭാസമാണിത്. കുഴികുത്തി മുട്ടയിട്ട് തള്ളയാമ കടലിലേക്ക് മടങ്ങും. മണ്ണ് ചൂടുനൽകി 45-55 ദിവസങ്ങൾക്കുള്ളിൽ അവ വിരിയും. പക്ഷേ കരയിൽ മനുഷ്യനും കുറുക്കനും തീരത്ത് ഞണ്ടും ഇതിന്റെ ശത്രുക്കളാണ്. മുട്ടക്കൊതിയൻമാരായ മനുഷ്യർ ഇത് വേഗമെടുത്ത് ആഹാരമാക്കും. ആമമുട്ട ആസ്തമക്ക് നല്ല മരുന്നാണ് എന്നൊരു തെറ്റിദ്ധാരണ എങ്ങനയോ മനുഷ്യരുടെ ഇടയിൽ പരന്നിട്ടുണ്ട്. വിരിഞ്ഞ് കടലിൽ എത്തിയാലോ ആഴക്കടലിൽ പാമ്പും വലിയ മീനുകളും ആകാശ പ്പറവകളും ഇവയെ ആഹാരമാക്കും. ഇതിനെയെല്ലാം അതിജീവിക്കുന്നത് വളരെ കുറച്ചെണ്ണം മാത്രമാണ്. അതുകൊണ്ട് വംശനാശഭീഷണി നേരിടുന്ന ഈ കൂട്ടരെ ഇപ്പോൾ വളരെക്കാലമായി നമ്മുടെ തീരത്ത് കാണാൻ പോലും കിട്ടുന്നില്ല. മനുഷ്യൻ പ്ലാസ്റ്റിക്കും മറ്റും വലിച്ചെറിഞ്ഞ് തീരങ്ങൾ മലിനപ്പെടുത്തിയിരിക്കുന്നതുകൊണ്ടും അവയിപ്പോൾ മുട്ടയിടാൻ നമ്മുടെ തീരത്തേക്ക് വരാറില്ല.'' ക്ലാസ് അവസാനിപ്പിച്ചതിനുശേഷം അദ്ദേഹം ജാക്കിനെ തന്റെ അടുത്തേക്ക് കൈകാട്ടി വിളിച്ചു. ക്ലാസിൽ ലയിച്ചിരുന്നതിനാൽ നിലക്കടല വിൽക്കുന്ന കാര്യം അവൻ മറന്നുപോയിരുന്നു. അതിനാൽ അവന്റെ കൈയിലുള്ള കടല മുഴുവൻ വാങ്ങിയിട്ട് അദ്ദേഹമവന് അഞ്ഞൂറു രൂപ കൊടുത്തു. പലപ്പോഴും പണം കൊടുത്ത് അദ്ദേഹമവനെ സഹായിക്കാറുണ്ട്.

അന്ന് വൈകുന്നേരം ടൗണിൽ പോയി പിറ്റേന്നേക്കുള്ള നിലക്കടല വാങ്ങി തന്റെ കുടിലിലേക്ക് നടക്കുന്നതിനിടയിലാണ് സന്ധ്യാനേരത്ത് ജാക്ക് ആ മനോഹര കാഴ്ച കണ്ടത്. തീരത്തോട് ചേർന്നുനിൽക്കുന്ന കാറ്റാടിക്കൂട്ടങ്ങൾക്കിടയിൽ അതാ സാർ വർണ്ണിച്ച രൂപഭാവങ്ങളോടുകൂടിയ ധാരാളം ആമകൾ കയറിവന്നു മണ്ണിൽ



▸▸ ജൂതന്മാരുടെ വിശുദ്ധ ഗ്രന്ഥം– തോറ



## മുട്ട- വലുതും ചെറുതും

ലോകത്തെ ഏറ്റവും വലിയ മുട്ടയിടുന്ന ജീവി കരയിൽ ഒട്ടകപ്പക്ഷിയാണ്. ഏകദേശം ഒന്നര കിലോഗ്രാം ഭാരം ഒരു ഒട്ടകപ്പക്ഷി മുട്ടക്ക് ഉണ്ടാകും. ഈ മുട്ടയുടെ പുറന്തോട് ആഫ്രിക്കയിലെ ചില ഗോത്രവർഗക്കാർ ഭക്ഷണപാത്രമായി ഉപയോഗിക്കാറുണ്ട്.

ഏറ്റവും വലിയ മുട്ടയിടുന്ന കടലിലെ ജീവി വെയ്ൽ ഷാർക്ക് എന്ന തിമിംഗലസ്രാവാണ്. ഏറ്റവും ചെറിയ മുട്ടയിടുന്ന പക്ഷി ഹമ്മിംഗ് ബേഡ് ആണ്. ഇതിന്റെ മുട്ടയുടെ വലുപ്പം ഏതാണ്ട് ഒരു പയർ മണിയോളമാണ്.

കുഴികുത്തുന്നു. അവ മുട്ടയിടാനൊരുങ്ങുകയാണെന്ന് അവന് മനസ്സിലായി. പക്ഷേ തൊട്ടടുത്ത നിമിഷം ഈ മുട്ടകൾ തട്ടിയെടുക്കാനായി ഒരുകൂട്ടം മനുഷ്യർ കാറ്റാടിക്കൂട്ടങ്ങൾക്കപ്പുറത്തായി പതുങ്ങിനിൽക്കുന്നത് അവൻ കണ്ടു.

ജാക്ക് അതിവേഗം ഓടി പ്രൊഫസറുടെ കോട്ടേജിലെത്തി അദ്ദേഹത്തോട് വിവരം പറഞ്ഞു. പിന്നീട് ഒട്ടും സമയം കളയാതെ അടുത്ത കരയിലുള്ള വനംവകുപ്പിന്റെ കാര്യാലയത്തിലേക്കോടിയെത്തി റെയ്ഞ്ചാഫീസറോടും വിവരങ്ങൾ പറഞ്ഞു. തന്റെ ജീപ്പിലിരുത്തി അദ്ദേഹം അവനെയും കൊണ്ട് വേഗം ആ സ്ഥലത്തെത്തി. അപ്പോഴേക്കും പ്രൊഫസർ അവിടെയെത്തിയിരുന്നു.. അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കാതെ മനുഷ്യർ ആ മുട്ടയെല്ലാം കൈക്കലാക്കാൻ വലിയ ബഹളം നടത്തുകയായിരുന്നു. റെയ്ഞ്ചാഫീസറെ കണ്ട് അവരെല്ലാം ഓടിപ്പോയി.

പ്രൊഫസർ ആ മുട്ടകളെ മണ്ണിൽ സൂക്ഷ്മതയോടെ മൂടിവെച്ചു. ഫോറസ്റ്റ് ഗാർഡുമാരുടെ സഹായത്തോടെ പ്രൊഫസറും വിദ്യാർത്ഥികളും, ജാക്കും ആ മുട്ടകൾക്ക് കാവലിരുന്നു. 40-55 ദിവസങ്ങൾക്കുള്ളിൽ മുട്ടകളെല്ലാം വിരിഞ്ഞു. സന്ധ്യാനേരങ്ങളിൽ ഇരപിടിയൻമാരായ മത്സ്യങ്ങൾ തീരത്തോട് ചേർന്ന് അധികമുണ്ടാവില്ല എന്ന റെയ്ഗാൻസാറിന്റെ അറിവനുസരിച്ച് സന്ധ്യയോടെ അവസാനത്തെ കുട്ടി ആമയെയും ആ സ്നേഹക്കൂട്ടം കടലിലേയ്ക്ക് വിട്ടു.

ധാരാളം വാർത്താ ചാനലുകൾ ഈ വാർത്ത റിപ്പോർട്ട് ചെയ്യാൻ അവിടെയെത്തിയിരുന്നു. ജാക്കിനെ ചേർത്തുനിർത്തി പ്രൊഫസർ പറഞ്ഞു: "ഇവനാണ്, ഈ കൊച്ചുമിടുക്കനാണ് ഈ അമൂല്യ നിധിശേഖരം കണ്ടതും നഷ്ടപ്പെടാതെയിരിക്കാൻ പരിശ്രമിച്ചതും." കണ്ടുനിന്ന എല്ലാവരും കൈയടിച്ചു. പിറ്റേന്നത്തെ പത്രങ്ങളെല്ലാം ജാക്കിന്റെ ഈ സൽപ്രവൃത്തിയെ അഭിനന്ദിച്ചു. ഏറെനാൾ കഴിയും മുമ്പ് പ്രൊഫസറുടെ ശ്രമഫലമായി വേൾഡ് ബയോ ഡൈവേഴ്സിറ്റി സെല്ലിന്റെ ഒരു സ്കോളർഷിപ്പ് അവനെ തേടിയെത്തി. തുടർപഠനത്തിനും ജീവിതമാർഗ്ഗത്തിനും അവനെ സഹായിക്കാൻ പത്ത് ലക്ഷം രൂപയുടെ ഒരു അവാർഡ് അവന് ലഭിച്ച വാർത്ത അറിയിക്കാനായി അവന്റെ കുടിലിലെത്തിയ റെയ്ഗാൻസാറിനെ കെട്ടിപ്പിടിച്ച് ജാക്ക് കരഞ്ഞു. ആഴക്കടലിലപ്പോൾ അനേകം ഒലിവ് റിഡ്‌ലി കുഞ്ഞാമകൾ തങ്ങളുടെ തള്ളയാമയുടെ പുറത്ത് കയറിയിറങ്ങി കണ്ണാരം പൊത്തി കളിക്കുകയായിരുന്നു.

•

▸▸ ഇലിയഡ്, ഒഡീസി എന്നീ ഇതിഹാസങ്ങൾ രചിച്ചത്- ഹോമർ